# തൂവൽസ്പർശം

Little KITEs സ്കൂൾ മാസിക

## സെന്റ് തെരേസാസ് ഹൈസ്കൂൾ

മണപ്പുറം-ചേർത്തല-ആലപ്പുഴ

TO GROW IN WISDOM

# ST.THERESA'S H.S.

## MANAPPURAM

ESTABLISHED IN 1938

## ഇതളുകളിൽ


ആശംസകൾ....................................................4
സുന്ദര നിമിഷങ്ങളുടെ നിശ്ചല ദൃശ്യങ്ങളിലൂടെ....................................................10
കുഞ്ഞുവിരലുകളിലെ വരകളും ചായങ്ങളും....................................................13
കവിതകൾ....................................................20
അനുഭവക്കുറിപ്പുകൾ....................................................30
ഓർമ്മകളിൽ....................................................35
കഥകൾ....................................................37
ലേഖനങ്ങൾ....................................................47
നന്ദി....................................................53




## ആശംസകൾ

സെൻറ് തെരേസാസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ ഡിജിറ്റൽ യുഗത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട് .ഇതിനോടനുബന്ധിച്ച് ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നതിൽ കുട്ടികളെ അഭിനന്ദിക്കുന്നു .

ഡിജിറ്റൽ പഠന പ്രക്രിയയിൽ കുട്ടികൾക്ക് ശരിയായ പരിശീലനം ലഭ്യമാക്കണം. 14 വയസ്സ് പൂർത്തിയാക്കുന്നത് വരെ, വിദ്യാർത്ഥികൾ മൊബൈൽ സമാർട്ട് ഫോൺ ഉപയോഗിക്കുന്നത് നിയന്ത്രണ വിധേയമാക്കണമെന്ന് സാങ്കേതിക വിദ്യയിലെ പ്രമുഖരായ ബിൽ ഗേറ്റ്സും സ്റ്റീവ്ജോബ്സും അഭിപ്രായപ്പെടുന്നു.എന്നാൽ ഇന്ന് ശരാശരി പ്രായം 10 വയസ്സാകുമ്പോൾ കുട്ടികൾ മൊബൈൽ ഫോണിന് അടിമകളാകുന്നു. ഇത് ശരിയായ പഠനത്തിനും പക്വമായ വളർച്ചയ്ക്കും കാരണമാകുന്നില്ല

മാതാപിതാക്കളെക്കാൾ 'കൃത്യമമായ പക്വത ' ഇന്നു കുട്ടികൾക്ക് വരുന്നതാണ് ആപ്തകരം യഥാർത്ഥ മാനസിക, വൈകാരിക ബൗദ്ധിക പക്വത വരുന്നതിന് മുമ്പുതന്നെ കുട്ടികൾ അമിതമായി അനാവശ്യ വിവരങ്ങൾക്ക് കീഴ്പെടുകയും പക്വത പ്രാപിച്ചതിനു ശേഷം ജീവിതനിപുണിത ലഭിക്കുവാൻ താമസിക്കുന്നതും ഒരു പോലെ ഹാനികരമാണ്. ഈ ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ കണ്ണുകൾ തുറക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു .ഏവർക്കും നന്മ നേരുന്നു.

ഫാ .വർഗീസ് മാണിക്കനാംപറമ്പിൽ സി.എം.ഐ.

മാനേജർ





# ആശംസ

ശാസ്ത്ര-സാങ്കേതിക വിദ്യകൾ വളരെയേറെ വികാസം പ്രാപിച്ച ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് .ആർക്കും ഇതിൽ നിന്നും അകന്ന് മാറി നില്ക്കാനാവില്ല. ഈ കാലഘട്ടത്തിന്റെ ഒരു അനിവാര്യതയാണ് ഈ ഡിജിറ്റൽ മാഗസിൻ. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സാങ്കേതികജ്ഞാനം മറ്റുള്ളവരുടെ ഭാഷയോടും ഭാവനയോടും കൈകോർത്ത് തയ്യാറാക്കിയ ഈ മാഗസിന് എല്ലാ ആശംസകളും നേരുന്നു. അനുവാചകർക്ക് ഈ മാഗസിൻ ഒരു നവ്യാനുഭവം ആയിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു



എലിസബത്ത് പോൾ

ഹെഡ്മിസ്ട്രസ്






## ആശംസ

പഠനം ഒരു കലയാണ്.ഒരു ശാസ്ത്രമാണ് .പഠിക്കേണ്ട സമയത്ത് പഠിക്കാത്തതാണ്. പലരുടെയും പരാജയത്തിന് കാരണം.പ്രായോഗികതയ്ക്ക് ഇന്ന് കൂടുതൽ ഊന്നൽ കൊടുക്കുന്ന കാലത്തിൽ മികവിന്റെ പുതിയ തലങ്ങൾ നമ്മുടെ സൃഷ്ടി പാതയിലൂടെ തുറന്നിടേണ്ടിയിരിക്കുന്നു .അനുഭവങ്ങളാണ് ഏറ്റവും നല്ല പാഠങ്ങൾ .ഡിജിറ്റൽ മാഗസിൻ ഒരു വിദ്യാർത്ഥി, അദ്ധ്യാപകൻ,പരീക്ഷകൻ എന്നീ നിലകളിലുള്ള വ്യത്യസ്ത ആശയങ്ങളുടെ സമുന്നയമാണെന്നതിനാൽ ഏറെ പ്രശംസനീയമാണ് .

അഭിനന്ദനങ്ങൾ . ആശംസകൾ



ഫാ.ജോഷി മുരിക്കേലിൽ സി.എം.ഐ






## ആശംസ

സംസ്ഥാന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റിന്റെ(കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ) നേതൃത്വത്തിൽ നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് "തൂവൽ സ്പർശം" എന്ന സ്കൂൾ മാഗസിൻ ആരംഭിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടേയും അദ്ധ്യാപകരുടേയും സാഹിത്യ സൃഷ്ടികളും ചിത്രരചനകളും ഉൾപ്പെടുന്ന ഈ മാഗസിൻ മലയാള ഭാഷയെ കൂടുതൽ പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന ഒന്നായിരിക്കും എന്ന കാര്യത്തിൽ പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിലൂടെ കുട്ടികളുടെ കരുത്താർന്ന സൃഷ്ടികൾ പുറം ലോകം അറിയുമ്പോൾ അതിലൂടെ അഭിമാനർഹമായ നേട്ടം കുട്ടികൾക്കും സ്കൂളിനും കൈവരിക്കുവാൻ സാധിക്കുമാറാകും. ഈ സപര്യയ്ക്ക് എല്ലാവിധ പിന്തുണയും ആശംസകളും നേരുന്നു.

സ്നേഹാദരങ്ങളോടെ



കെ. എസ് രാജേന്ദ്രൻ


(പി ടി എ പ്രസിഡന്റ്)





# ആശംസ

തെരേസ്യൻ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ജുവൽസ്പർശം എന്ന ഡിജിറ്റൽ മാസിക കുട്ടികളുടെ തനതായ രചനകൾ കൊണ്ട് ഏറെ സമ്പുഷ്ടമാണ് .പഠനത്തോടൊപ്പം കലാ സാഹിത്യരംഗങ്ങളിലും തെരേസ്യൻ മക്കൾ എന്നും മുൻപന്തിയിലാണ് എന്നതിന്റെ ദൃഷ്ടാന്തമാണ് ഇത്.വിദ്യാലയത്തിന്റെ ചരിത്രത്തിൽ ഇദംപ്രദമമായി തയ്യാറാക്കിയ ഈ മാസികയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി ഇതിന് ചുക്കാൻ പിടിച്ച ജിജ്ജു ടീച്ചറിനും വിൻസി ടീച്ചറിനും അഭിനന്ദനങ്ങൾ.ഡിജിറ്റൽ രംഗത്ത് ഉയർച്ചയുടെ പടവുകൾ ചവിട്ടിക്കയറാൻ ഈ മാസിക വലിയൊരു പ്രചോദനമായി തീരട്ടെ എന്ന് ആശംസിക്കുന്നു സ്നേഹാശംസകളോട ആനി ടീച്ചർ



ആനി ജോസഫ്

സ്റ്റാഫ് പ്രതിനിധി





## പത്രാധിപസമിതി -സന്ദേശം

നമ്മുടെ മനസിലെ സ്വപ്നങ്ങളും ഭാവനകളും ചിന്തകളും ഓർമകളും സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ രൂപത്തിൽ, ഭാവത്തിൽ പുറം ലോകത്തേയ്ക്ക് എത്തിയ്ക്കുകയാണ് ഈ ചുവൽ സ്പർശത്തിലൂടെ;

മഷിക്കുപ്പിയിലെ മഷിത്തുള്ളികളിലൂടെ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട്

സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹവും സംരക്ഷണവും പ്രാർത്ഥിച്ചു കൊണ്ട്

തെരേസ്യൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കൊപ്പം



## സുന്ദര നിമിഷങ്ങളുടെ നിശ്ചല ദൃശ്യങ്ങളിലൂടെ






DRINKING WATER
















വിരബാധയില്ലാത്ത കുട്ടികൾ.....
ആരോഗ്യമുള്ള കുട്ടികൾ....
ഒക്ടോബർ 25 ദേശീയ വിരവിമുക്ത ദിനം
വിര ബാധിതരായ കുട്ടികളെ കണ്ടാൽ തിരിച്ചറിയാനാകുമോ?
1 മുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്ക് ഒക്ടോബർ 25 ന്
എല്ലാ സ്കൂളുകളിലും അങ്കണവാടികളിലും
വിര നിർമ്മാർജ്ജനത്തിനുള്ള ഗുളിക സൗജന്യമായി നൽകുന്നു.
ആരോഗ്യകേരളം , ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ആലപ്പുഴ

# കുഞ്ഞുവിരലുകളിലെ വരകളും ചായങ്ങളും















Veenamol P.V (9.C)


SAI PRANAV M.H
IX B


SAI PRANAV M·H
IX B



EdwinThankach


Edwin Thankachan



BLESSY MARIYA
IX B


BLESSY MARIYA
IX B


ARCHA SUMESH
IX-B



HELLO!!!
'Darkness'
My old
friend
I have to
talk with
you again|
ANEETA BENJOSE
IX B


I'm for
You.......
— Anefra Suresh



BEN
10
AMAL.S
XA


Amal.s
XA


Amal.s
XA


Amal.s
XA



Amal.S
XA



Arsha X B


by
Adithya Sibeesh


BY
Adithya Sibeesh


SRINIVASA
RAMANUJAN


RENE
DECARTES


PYTHAGORUS

# ചിത്രരചന



# കവിതകൾ

## ഒരു തൈ നടാം



വഴിയോരത്തൊരു തൈ നട്ടാൽ

വലിയൊരു തണൽ മരമുണ്ടാകും

മുറ്റം നിറയെ തൈ നട്ടാൽ

ചുറ്റം പൂങ്കാവനമായിടും

ഇത്തിരി ചീര തൈത്തെ നട്ടാൽ

ഒത്തിരി ചീരക്കറി വയ്ക്കാം

ചെറിയൊരു മത്ത തൈ നട്ടാൽ

ഒത്തിരി മത്തൻ കറി കൂട്ടാം

കുഞ്ഞികൈയ്യാൽ നമ്മൾക്കും

ഓരോ ചെറു തൈ നട്ടീടാം

തൈച്ചെടിയങ്ങനെ വളരട്ടെ

കായും കനിയും നിറയട്ടെ

വരു ഒരു തൈ നടാം





കൃഷ്ണപ്രിയ ടി.ഒ 9 ബി

# ഗുരു വന്ദനം

ഒരു  മെഴുതിരി വെളിച്ചത്തിൻ താളം

എൻ ജീവിതത്തിൽ പകർത്തീടും ജ്ഞാനം

അറിവിൻ നിറക്കുടമായ്  എന്നെ നിറയ്ക്കും

നന്മതൻ പ്രതീകമാണെൻ അദ്ധ്യാപകൻ

'അ '  എന്നൊരൊറ്റ ക്ഷരത്തിൽ തുടങ്ങും

ജീവിത സാഫല്യമാണെൻ അദ്ധ്യാപകൻ

തിന്മയെ ജയിക്കാൻ എന്നെ പ്രേരിപ്പിക്കും

ജീവിത യോദ്ധാവാണെൻ അദ്ധ്യാപകൻ

അന്ധതയിൽ നിന്നകറ്റി പ്രകാശത്തിൽ

നേർവഴി കാട്ടും നിത്യോപാസകനാണെൻ അദ്ധ്യാപകൻ



പുഞ്ചിരി തൂകീട്ടും സ്നേഹ സാഫല്യമേ

നിന്നെ ഞാൻ വണങ്ങട്ടെ

നന്മയിൽ നയിച്ചീടണേ ......

ജോസ്മി ജോസഫ് 9 ബി



# പ്രകൃതി

പ്രകൃതിയാം ദൈവത്തെ സ്മരിക്കുമെന്നും ഞാൻ

പ്രകൃതിയോ എൻ മാതാവും

പ്രകൃതിയാണെൻ പുസ്തകത്താളുകൾ

എൻ പ്രാണവായുവും പ്രകൃതി തന്നെ

സർവ്വതും പ്രകൃതിയെന്നോതിയ മനുഷ്യൻ

പ്രകൃതിയിൽ നിന്നും പൊടുന്നനെ അകലെയായി

സ്വാർത്ഥനാം മനുഷ്യന്റെ ചൂഷണത്തിൽ പ്രകൃതിയൊരു ഇരയായി

പ്രകൃതിയാമമ്മ അതെല്ലാം പൊറുത്തു



പെറ്റമ്മയെ തകർത്തഴിഞ്ഞാടി കുടില ശക്തിയാം മനുഷ്യൻ

പൊറുതിമുട്ടിയപ്പോൾ അമ്മ

മക്കൾക്ക് ശിക്ഷയായി അവതരിച്ചു

അമ്മ പ്രളയമായി, ഉരുൾപൊട്ടലായി, കൊടുങ്കാറ്റായി, മനുഷ്യന്റെ നാശമായി........

അഭിരാമി വി 7 എ

# എന്റെ കൂട്ടുകാർ.....

എന്റെ ചങ്കാണ് കൂട്ടുകാർ

കൂട്ടുകാർ പുതിയ അറിവാണ്

കൂട്ടുകാർ പുതിയ നിറവാണ്

നിറമാർന്ന ശലഭങ്ങളെപ്പോലെ

പുതുവർണ്ണങ്ങൾ ചാലിച്ചതു പോലെ

അറിവിന്റെ നിറകുടമാണവർ

ആകാശ പറവകളെപ്പോലെ

തെളിവാർന്ന നീലാകാശം പ്പോലെ

സ്നേഹത്തിൻ നിറകുടമാണവർ

തേനുള്ള പൂക്കളെപ്പോലെ

സ്നേഹം പങ്കു വയ്ക്കുമവർ

പുതുവർണ്ണങ്ങൾപ്പോലെ

നമ്മുടെ ഉറവിടമാണവർ

തിന്മയുടെ അന്തകരാണവർ

എന്റെ ചങ്കാണ് കൂട്ടുകാർ



അഭിരാമി.വി 7 എ

# തെങ്ങ്..........



കാറ്റത്തിളകും മടലുകളും

കായ്ച്ച് ച്ച തഴയ്ക്കും കുലകളുമായ്

നമ്മുടെ തോട്ടത്തിൽ നിന്നീടുന്നു

നല്ലൊരു തെങ്ങുകളൊട്ടനേകം

പരിസ്ഥിക്കും നിഴലുമേറ്റി-

പ്പാരമിതേതെങ്ങു വിളങ്ങിടുന്നു!

തന്നുടമസ്ഥനു വേണ്ടിയെല്ലാം

തൻ തലമേൽ താങ്ങി നിന്നിടുന്നു!

വേനലും മഞ്ഞിനും ഭേതമില്ല!

വേറിട്ടൊരൊറ്റ നിനവുമില്ല.

അച്ഛനും അമ്മയും ബാല്യക്കാല-

ത്തൽപ്പം ജലമിതിനേകി പോലും;

ആ ന[illegible]ലമ വർക്കിതിപ്പോ-



ളാശിച്ചതൊക്കെയും നൽകിടുന്നു.

പാൽച്ചോറു തന്നവർ കൊച്ചു നാളിൽ

പാരാതെയെന്നെയും പോറ്റിടുന്നു.

ദൈവമേ! ഞാനും കടശ്ശിയിലി-

തെങ്ങുകൾക്കൊപ്പമായി തീരണമേ!



ആർച്ച സുമേഷ് 9 ബി

## *നീ.........*

ഞാനറിയാതെയെൻ പൂമിഴിത്തുമ്പിൽ

കൗതുകമുണരുകയായിരുന്നോ?

എന്നിളം കൊമ്പിൽ നീ പാടാ-

തിരുന്നെങ്കിൽ പാഴ്മരമായേനെ!

അരികിലെ ആ വഴിയിലുണ്ട്

എന്റെ ചുവടുകൾ പതിയാതെ..........!

ഒരു വാതിൽ മാത്രം കാണുന്നു

അവസാനമായി നീ അടച്ചതായി..............

അഞ്ജിത.ബി 9 ബി



## കുറുക്കാ മിടുക്കാ....

മരം കേറ്റം എനിക്കൊന്നു പഠിക്കണം കുരങ്ങാ

മരക്കൊമ്പിൽ കയറിയൊ

ന്നിരിക്കണം കുരങ്ങാ

മരത്തിലെപ്പഴമൊക്കെ

പറിക്കണം കുരങ്ങാ

കുറുക്കാ നീ മരം കേറ്റം

പഠിച്ചിട്ടും കാലം

കുരങ്ങന്മാർ  നിലത്തെത്തി

കുഴിച്ചിട്ടും മാളം

നടക്കാത്ത പണിക്കു നീ

ഒരുങ്ങല്ലേ കുറുക്കാ

മെനക്കെട്ടാലിതിനൊരു ഫലം വേണ്ടേ മിടുക്കാ



വർഷ ബിജു 9 ബി



## *ഈ മനോഹാരിത....!*

മൊഴിഞ്ഞു തീരാത്ത മൗനമായ്....

പെയ്തൊഴിയാത്ത

മഴയായ് .......

ഇതൾ കൊഴിയാത്ത

പൂവായ് ........

ഇല പൊഴിയാത്ത

പൂമരമായ്........

തിരയടങ്ങാത്ത

കടലായ് ......

മിഴിയഴകിലെ മൊഴി

മുത്തുകളായ്........

മഴയെ തഴുകുന്ന

ഇളം കാറ്റായ്........

പൂവി[illegible]ുണരുന്ന



പൂമ്പാറ്റയായ്.........

പൂമരക്കൊമ്പിൽ

കൂട്ടുകൂട്ടിയ പറവയായ്............

കരയെ ചുംബിച്ചു

കൊതിതീരാ കടലലയായ്..........

"ഇനിയും തീരാത്തെ കുളിരോർമയായ് മാത്രമീ മനോഹാരിത.........!!"

അൻജിത ബി 9 ബി

## *വിദ്യാലയം.........*

നാളെത്ര കഴിയുകിലുമെൻ  മനസ്സിന്റെ

അണയാത്ത ദീപ പ്രഭയ്ക്കു മുന്നിൽ

വിരിയുന്നതെന്നുടെ വിദ്യാലയ

മണിമുറ്റമാണരക്ഷ തോപ്പാണ്

അറിവിന്റെ ആത്മ സംതൃപ്തിയേകി

മനം തഴുകുന്ന സംതൃപ്തിയേകി

മനം തഴുകുന്ന മാതൃഹൃദയ മാമിത്

അളറ ഞാനത്തിനാർദ്രതയേകുന്ന



വസുധ തൻ വശ്യ കുടിരമിത്

മതമൊന്ന് മാത്രമീ പുണ്യക്ഷേത്രത്തിലായ്

എല്ലാ കുരുന്നുകളും മനുഷ്യർ

നിറമൊന്നു മാത്രമി

പലവർണ്ണ വാടിയിൽ

ഏവർക്കുമറിവിന്റെ തേജസല്ലോ

നെല്ലും പതിരും പകുത്തു മാറ്റും

വിശ്വമാനവർ തൻ കളപ്പുരയിതിലായ്

നന്മ തൻ ദീപങ്ങളതു മാത്രമണയാതെ

വിരിയുന്ന ഗുരുവായ് തവസ്നേഹമായ്

അനീറ്റ ബെൻ ജോസ് 9 ബി



## അനുഭവക്കുറിപ്പുകൾ

### ആ നിമിഷം..............

2015-ാംമാണ്ട് അന്നത്തെ മാനേജ്മെന്റ് ഡേ എന്നെ സംബന്ധിച്ചത്തോളം ഏറെ ഭയനകാവും മറക്കാനാവാത്ത ഒരനുഭവവും സമ്മാനിച്ച ദിനം...........പതിവുപോലെ ഞാൻ വിദ്യാലയത്തിലേക്ക് കടന്നു വന്നു.അന്നേ ദിവസം I ബി യിലെ ക്ലാസധ്യാപിക ലിസി പി.സി ടീച്ചർ അവധിയിലായിരുന്നതിനാൽ 1 എ യിലെ ക്ലാസധ്യാപികയായിരുന്ന എനിക്കായിരുന്നു 'ബി' ഡിവിഷനിലെ കുഞ്ഞുങ്ങളുടെ ചുമതല 'കൂട്ടം തെറ്റിയ കുട്ടിക്കൊമ്പന്റെ കഥ' ക്ലാസിൽ അവതരിപ്പിച്ച്, ഞാനും കുട്ടികളോടൊപ്പം ഈ പാഠഭാഗം അഭിനയിച്ചു.അന്നേ ദിവസം വളരെ രസകരമായി ക്ലാസ്സ് കൈകാര്യം ചെയ്ത് മുന്നോട്ട് നീങ്ങി.മാനേജ്മെന്റ് ഡേയിൽ പ്രിയ ബഹുമാനപ്പെട്ട അന്നത്തെ ഞങ്ങളുടെ മാനേജർ റവ.ഫാദർ ജോഷി മുരിക്കേലിൽ വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം ഞങ്ങൾക്കായി ഹൈസ്കൂൾ കെട്ടിടത്തിന്റെ ഒരു മുറിയിൽ ഒരുക്കിയിരുന്നു. മണ്ണപ്പുറം ചെറുപുഷ്പാശ്രമത്തിലെ ബഹുമാനപ്പെട്ട മറ്റ് വൈദീകർ, അധ്യാപകർ, അനധ്യാപകർ, പി ടി എ പ്രസിഡന്റ് ശ്രീ.എം.കെ ഉത്തമൻ എന്നിവരെല്ലാം ഒത്തൊരുമിച്ച് കൂടുന്ന ഒരസുലഭ സമയം. ഈശ്വര പ്രാർത്ഥനയോടെ, ആശംസകളോടെ, ഊണിലേക്ക് എല്ലാരും പ്രവേശിച്ചു.ചെറിയ ചെറിയ തമാശകളും ചിരികളുമായി ഏവരും എല്ലാം മറന്നു നിന്നു പോയി........... ആ സമയം......... അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ' 2 ' കുട്ടികൾ ഞങ്ങൾ എല്ലാവരും കൂടിയിരിക്കുന്ന മുറിയിലേക്ക് ഓടിക്കിതച്ചെത്തി. പരിഭ്രാന്തരായ കുട്ടികൾ



ഒന്നിലെ ഒരു കുട്ടി കുഴഞ്ഞു വീണു, കണ്ണു തുറക്കുന്നില്ല ടീച്ചറേ........ എന്ന് അന്നത്തെ ഹെഡ്മിസ്ട്രസ്സ് ആയിരുന്ന ബഹുമാനപ്പെട്ട വിമല ടീച്ചറോട് പറയുന്നതു മാത്രമേ ഞാൻ കേട്ടുള്ളൂ. എന്റെ ഹൃദയത്തിൽ ഒരു കൊള്ളിയാൻ മിന്നിയതുപ്പോലെ.പിന്നെ ഒന്നും ചിന്തിച്ചില്ല .ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന ഞാൻ കൈപ്പോലും കഴുകാതെ എൽ.പി സെക്ഷനിലേക്ക് എഴുന്നേറ്റോടി. അവിടെ ചെന്ന ഞാൻ കണ്ടത് ഞങ്ങളുടെ സ്കൂളിൽ കുട്ടികൾക്കായി ഉച്ചഭക്ഷണം തയ്യാറാക്കുന്ന റോസമ്മ ചേച്ചി ലിസി ടിച്ചറുടെ ക്ലാസിലെ ദേവനന്ദ എന്ന പെൺകുട്ടിയെ താങ്ങി പിടച്ചു മുഖത്ത് വെള്ളമൊഴിക്കുന്നതാണ്. ബിന്ദു ടീച്ചറേ....... കുഞ്ഞ് ബെഞ്ചിൽ ഇരിക്കുന്നിടത്തു തന്നെ പെട്ടെന്ന് കുഴഞ്ഞു വീണു........ ഒന്നും മിണ്ടുന്നില്ല, കണ്ണു തുറക്കുന്നുമില്ല എന്ന് റോസമ്മ ചേച്ചി കരഞ്ഞു കൊണ്ട് എന്നോട് പറഞ്ഞു. റോസമ്മ ചേച്ചിയുടെ കൈയിൽ നിന്ന് കുഞ്ഞിനെ ഞാൻ ഏറ്റു വാങ്ങിയപ്പോൾ ദേവയുടെ ശരീരം തണുത്തു വിറങ്ങലലിച്ചിരുന്നു. മുഖത്ത് ശക്തമായി വെള്ളം തളിക്കുക മാത്രമല്ല, ഒഴിച്ചു നോക്കുക തന്നെ ചെയ്തുവെങ്കിലും മോൾക്ക് യാതൊരനക്കവുമില്ല. പെട്ടെന്ന് ഞാൻ കുഞ്ഞിന്റെ കൈത്തണ്ടയിൽ പൾസ് നോക്കിയപ്പോൾ ഒട്ടും പൾസ് കിട്ടുന്നില്ല. അവളുടെ നെഞ്ചത്ത് എന്റെ വലതുകരം വച്ചു നോക്കിയപ്പോൾ ഹൃദയമിടിപ്പും എനിക്ക് തിരിച്ചറിയുവാൻ സാധിക്കുന്നില്ലായിരുന്നു.കൂടാതെ അവളുടെ കൺപോളകൾ ഞാൻ തുറന്നു നോക്കിയപ്പോൾ കൃഷ്ണമണികൾ അനങ്ങാതെ നിശ്ചലമായി നിൽക്കുന്നു. എന്റെ ശരീരമാസകലം വിറച്ചു വിറങ്ങലിച്ചു നിന്നു പോയ നിമിഷം. എന്റെ കൈയിൽ ഇരിക്കുന്ന കുഞ്ഞ് 'മരിച്ചു പോയോ ' എന്ന് ഹൃദയത്തിലൂടെ കഠിനമായ ചിന്ത കടന്നു പോയ നിമിഷം.പെട്ടെന്നു തന്നെ മറ്റധ്യാപകരും ഓടിവന്നു. ഉച്ച സമയമായതിനാൽ എന്റെ ചുറ്റും സ്കൂളിലെ ഭൂരിഭാഗം കുട്ടികളും തടിച്ചു കൂടിയതിനാൽ എന്റെ മനസ്സിലെ ദേവയെക്കുറിച്ചുള്ള കഠിനമായ വേദന മറ്റാരോടും പങ്കുവയ്ക്കുവാൻ പറ്റാതെ നിർന്നിമേഷയായി ഞാൻ വലഞ്ഞു പോയി. ഓടി വന്ന ഗോപിനാഥൻ സാറിനോട് 'വണ്ടിയെടുക്ക് സാറേ കുഞ്ഞിന് അനക്കമില്ല' എന്ന് പറഞ്ഞതെനിക്ക് ഓർമയുണ്ട്. നിമിഷ സമയത്തിനുള്ളിൽ ഗോപി നാഥൻ സാർ തന്റെ വണ്ടിയുമായി വന്നു. ഞങ്ങൾ ദേവയുമായി മുന്നോട്ടു നീങ്ങവെ, പെട്ടെന്ന് സാറിന്റെ കാർ നിന്നു പോയി. പിന്നെ

എത്ര ശ്രമിച്ചിട്ടും സ്കൂൾ ഗ്രൗണ്ടിൽ നിന്ന് സാറിന്റെ വണ്ടി അനക്കുവാൻ സാധിക്കുന്നില്ല.ഈ ഓരോ നിമിഷവും എന്നെ സംബന്ധിച്ചിടത്തോളം വലിയ മണിക്കൂറുകൾ ആയിത്തന്നെ അനുഭവപ്പെടുകയായിരുന്നു.കാറിൽ നിന്നു കുഞ്ഞുമായി ഇറങ്ങിയ ഞാൻ ആ വലിയ സ്കൂൾ ഗ്രൗണ്ടിലൂടെ ഓടിയ ഓട്ടത്തിന്റെ വേഗത എന്റെ ജീവിതത്തിൽ ഒരിക്കലും പിന്നീട് താണ്ടിയിട്ടില്ല. മണ്ണടിച്ച് നന്നാക്കുന്ന സമയമായതിനാൽ ഗ്രൗണ്ട് കൂർത്ത കൊച്ചു കൊച്ചു കൊച്ചു കല്ലുകൾ കൊണ്ട് നിറഞ്ഞതായിരുന്നു.കല്ലുകൾക്കിടയിലൂടെ ഓടിയപ്പോൾ കാലിൽ കല്ല് കുത്തിക്കൊന്നുള്ള വേദനയൊന്നും ഞാൻ അറിഞ്ഞതേയില്ല. പിന്നീട് ഞാൻ ചുറ്റും നോക്കുമ്പോൾ ഓഫീസ് മുറിക്ക് സമീപത്ത് കിടക്കുന്ന, അന്നേ ദിവസം ഞങ്ങൾക്കായി ഉച്ചഭക്ഷണം തയ്യാറാക്കി കൊണ്ടുവന്ന കാറ്ററിംഗ് സർവ്വീസുകാരുടെ വാഹനം എന്റെ ദൃഷ്ടിയിൽപ്പെട്ടു. ഞാൻ കുഞ്ഞുമായി അതിവേഗതയിൽ ആ വണ്ടിയെ സമീപിച്ചു. സ്നേഹനിധിയായ ആ വണ്ടിയിലെ ഡ്രൈവറും സമീപത്തു നിന്നിരുന്ന അജു സാറും, ഞാനുകൂടി കുഞ്ഞിനെ പള്ളിപ്പുറം സെന്റ് തോമസ് ഹോസ്പ്പിറ്റലിലേക്ക് കൊണ്ടുപോയി.പോകുന്ന വഴി ഞങ്ങൾ മാറി മാറി വിളിച്ചിട്ടും കുഞ്ഞ് കണ്ണ് തുറക്കുന്നതു പോയിട്ട് അനങ്ങുന്നതു പോലുമില്ലായിരുന്നു. ശരീരമാണെങ്കിലോ, തല മുതൽ ഉള്ളം കാലുവരെ തണുത്തു മരവിച്ചും. ദൈവമേ............ എന്റെ മടിയിൽ കിടത്തി, നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്ന കുഞ്ഞ് ജീവനറ്റു പോയതു തന്നെയാണോ ''.... ഒരനക്കവുമില്ലല്ലോ എന്നോർത്ത് ഞാൻ മനസ്സിൽ ' അലമുറയിട്ടു കരയുകയായിരുന്നു.മണപ്പുറത്ത് കൊച്ചുത്രേസ്യ പുണ്യാളത്തിയുടെ കപ്പേളയുടെ വളവ് തിരിഞ്ഞപ്പോൾ എന്റെ മാതാവേ..... പള്ളിപ്പുറത്തമ്മയുടെ തിരുനടയിലൂടെ വണ്ടി കടന്നുപോകുന്നതിനേക്കാൾ മുൻപ് ഈ കുഞ്ഞിന്റെ കണ്ണ് ഒന്നു തുറപ്പിച്ചു തരണേ എന്നു കരഞ്ഞു നിലവിളിച്ച് പ്രാർത്ഥിച്ച നിമിഷം.' അത്ഭുതമെന്നു തന്നെ പറയട്ടെ മാവിൻചോട് ബസ് സ്റ്റോപ്പ് കഴിഞ്ഞ് പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോന പള്ളിയുടെ നടയിലെത്തുന്നതിനു തൊട്ടു മുൻപ് എന്റെ നെഞ്ചോടു ചേർന്ന് കിടക്കുന്ന ഞങ്ങളുടെ ദേവ ഒന്നു ഞെട്ടി കണ്ണു തുറന്ന് ടീച്ചറേ എന്നു വിളിച്ച് എന്റെ മുഖത്ത് നോക്കി ചിരിച്ചു. എന്റെ ജീവിതത്തിൽ മാതാവിന്റെ വലിയ അത്ഭുതം ഞാൻ കണ്ട ദിനമാണ്.കണ്ണുനീരോടു കൂടി

'എന്റെ അമ്മേ ' എന്നു വിളിച്ചു. നമ്മൾ ചോദിക്കുന്നതെന്തും അമ്മ നമുക്ക് നേടി തരുമെന്ന് എന്നതിന് ഒരു സാക്ഷ്യം കൂടിയാണ് ഈ സംഭവം. ഞങ്ങളുടെ തൊട്ടു പിന്നാലെ തന്നെ വിമല ടീച്ചർ, ജോഷി അച്ചൻ,ശ്രീ.എം.കെ ഉത്തമൻ ,ഗോപിനാഥൻ സാർ, മാത്യൂ സാർ എന്നിവരും ആശുപത്രിയിൽ എത്തിചേർന്നിരുന്നു. അതോടൊപ്പം തന്നെ കുട്ടിയുടെ മാതാവും എത്തിച്ചേർന്നു.പിന്നീട് അവളെ വിദഗ്ദ ചികിത്സക്കായി വണ്ടാനം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. 'അപസ്മാരത്തിന്റെ ' ലക്ഷണമാണെന്നാണ് ആലപ്പുഴയിലെ വിദഗ്ദ ഡോക്ടർമാർ പറഞ്ഞതെന്ന് അവളുടെ മാതാപിതാക്കളിൽ നിന്ന് ഞങ്ങൾക്ക് പിന്നീട് മനസ്സിലാക്കുവാൻ സാധിച്ചു.രണ്ടു വർഷക്കാലത്തോളം അവർ ഇതുമായി ബന്ധപ്പെട്ട് കുട്ടിക്ക് ചികിത്സ ചെയ്തിരുന്നു.പിന്നീട് അവർ എറണാകുളം ജില്ലയിലെ പള്ളുരുത്തിയിലേക്ക് സ്ഥിരതാമസമാക്കി പോയതിനാൽ ദേവനന്ദ നമ്മുടെ സക്കൂളിൽ നിന്ന് പോകുകയും ഇപ്പോൾ സെന്റ് ആന്റണീസ് പെരുമ്പടപ്പ് സ്കൂളിൽ നല്ല മിടുക്കിയായി 3 -ആം ക്ലാസ്സിൽ പഠിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊരു രോഗാവസ്ഥ പിന്നീട് അവർക്ക് ഇതുവരെ വന്നിട്ടുമില്ല എന്നറിഞ്ഞു.ദൈവമാതാവിന്റെ കൃപ ദേവനന്ദയ്ക്ക് ലഭിച്ചുവെന്നത് എന്നിൽ ഏറെ ചാരിതാർത്ഥമുളവാക്കിയ ഒരനുഭവം തന്നെ .എന്റെ അധ്യാപന ജീവിതത്തിൽ മറക്കാനാവാത്ത, ഹൃദയാസപ്ർശിയായ ഒരനുഭവമായി ദേവനന്ദ എന്റെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു. --------- ബിനു കെ.ജോസഫ്

(അദ്ധ്യാപിക)



## ആത്മവിശ്വാസംതന്ന നിറദീപം .......

ഞാൻ ആറാം ക്ലാസിൽ പഠിക്കുന്ന കാലം. വളരെ സന്തോഷവും രസകരമായിരുന്നു ഞങ്ങളുടെ സക്കൂൾ ജീവിതം.ക്ലാസ് ടീച്ചറെന്ന നിലയിലും പഠിപ്പിക്കുന്ന അധ്യാപിക എന്ന നിലയിലും ഞങ്ങൾക്ക് വളരെയേറെ പിൻതുണയുള്ള അധ്യാപികയായിരുന്നു ഞങ്ങളുടേത്.അങ്ങനെ ഞങ്ങൾ കളിച്ചും ചിരിച്ചും ഇണങ്ങിയും പിണങ്ങിയും ഓരോ ദിവസങ്ങൾ എണ്ണി നീക്കി.. അങ്ങനെയൊരു സാഹിത്യ വേദിയുടെ ദിവസം കൂട്ടുക്കാരെല്ലാം നല്ല പരിപാടികളൊക്കെ അവതരിപ്പിക്കുകയായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു: '' പാട്ടു പാടാൻ ആഗ്രഹമുള്ളവർ ഇവിടെ വന്ന് പാടു" എന്ന്. ഞങ്ങളുടെ ക്ലാസ്സിൽ തന്നെ പാടാൻ കഴിവുള്ളവർ അധികമായിരുന്നു. ഒരോ കൂട്ടുക്കാരും പാട്ട് പാടി കൊണ്ടിരിക്കുകയായിരുന്നു. ബാക്കി കുട്ടുക്കാരെല്ലാം പാട്ട് ആസ്വദിക്കുന്നുണ്ടായിരുന്നു. ഒപ്പം ഞാനും . അപ്പോഴാണ് ഞാൻ ഒട്ടും പ്രതീക്ഷിക്കാതെ ആ ശബ്ദം കേട്ടത്."ടീച്ചറേ ഇനി ആർഷ ഒരു പാട്ട് പാടും " എന്നൊരു കൂട്ടുകാരി വിളിച്ചു പറഞ്ഞു. അത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. എനിക്കാണെങ്കിൽ പാട്ട് കേൾക്കാനല്ലാതെ പാടാൻ അറിയില്ലായിരുന്നു.അപ്പോഴാണ് ടീച്ചർ പറഞ്ഞത് ,'' ആർഷ ഇവിടെ വന്നൊരു പാട്ടു പാടൂ " എന്ന്. ശരിക്കും പേടിച്ചു വിറച്ചാണ് ഞാൻ ടീച്ചറുടെ മുന്നിലേക്ക് പോയത്. ഞാനതുവരെയും കുറച്ചു പേരുടെ മുമ്പിൽ പോലും ഒരു പാട്ട് പാടിയിരുന്നില്ല. കുറേ നേരം ഞാൻ അനങ്ങാതെ നിന്നു.അപ്പോൾ പെട്ടെന്ന് ടീച്ചർ പറഞ്ഞു ,'' പാട്ടു പാടൂ മോളേ " ടീച്ചർ അങ്ങനെ പറഞ്ഞപ്പോഴാണ് ഞാനെന്റെ ചിന്തകളിൽ നിന്നും പുറത്തുവന്നത്.അങ്ങനെ ഞാനൊരു പാട്ടു പാടി.പക്ഷെ എന്റെ എല്ലാ കണക്കുകൂട്ടലും തെറ്റിച്ചു കൊണ്ടാണ് ടീച്ചറുടെ മറുപടി വന്നത്, "വളരെ നല്ലതായിരുന്നു മോളേ ". അത് കേട്ടപ്പോ എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. എല്ലാ അധ്യാപകരും ഇങ്ങനെയാണ്. ഏത് കുട്ടിയുടെയും കഴിവിനേയും കഴിവില്ലായ്മയേയും ഒരിക്കലും അവഗണിക്കില്ല. അത് വളർത്തുകയും തെറ്റതിരുത്തി നമ്മളെ



മുന്നേറാൻ സഹായിക്കുകയുമാണ് ചെയ്യുന്നത്.



ആർഷ സുധീർ 9 സി

## തെരേസ്യയൻ കിഡ്സ് ഫെസ്റ്റ് - നവംബർ 18

കുട്ടികൾക്ക് കുട്ടിത്തം ഒരവകാശമാണ്. കളിപ്പാട്ടം പൊട്ടിക്കുന്നവനാണ് കുട്ടി.ചുമരിൽ വരയ്ക്കുന്നവനാണ് കുട്ടി, ചുമർ വൃത്തികേടാവുകയല്ല മറിച്ച് കോറി വരച്ച് ,കോറി വരച്ച് ജീവിതത്തിലേക്ക് കേറി വരുകയാണ്.വളർത്തലല്ല, വളരാൻ അനുവദിക്കലാണ് വേണ്ടത്. കുട്ടികളെ മനസ്സിലാക്കാനും അവരുടെ കഴിവുകൾ വളർത്താനും അവരെ സന്തോഷിപ്പിക്കാനും ലക്ഷ്യം വെച്ച് തെരേസിയൻ കിഡ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു.കിഡ്സ് ഫെസ്റ്റിവലിന്റെ വിജയത്തിനായി മുൻകൂട്ടി കാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിച്ചു. തീരുമാനം അനുസരിച്ച് അടുത്തുള്ള എല്ലാ അംഗൻവാടി, നെഴ്സറി സക്കൂളിലും ഉത്തരവാദിത്വപ്പെട്ടവർ പലപ്രാവശ്യം പോവുകയും അതിന്റെ ഫലമായി 150 ഓളം കുട്ടികളും മാതാപിതാക്കളും സ്ഥാപനത്തിന്റെ ഉത്തരവാദിത്വപ്പെട്ടവരും വന്നത് ഇതിന്റെ വലിയൊരു വിജയമായിരുന്നു.2018 നവംബർ 8 -ാം തിയതി രാവിലെ 10:45 ന് ഫാ.ജെയ്സൻ ചിറയപടിയ്ക്കൽ തെരേസ്യൻ കിഡ്സ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.ബഹുമാനപ്പെട്ട ഫാ.ജോഷി മുരിക്കേലിൽ സി.എം.ഐ ,പി.റ്റി.എ പ്രസിഡന്റ് ശ്രീ.രാജേന്ദ്രൻ, സീനിയർ അസിസ്റ്റന്റ് ശ്രീമതി.മിനി കുര്യൻ എന്നിവർ സംസാരിച്ചു.തുടർന്ന് ബഹു.ഫാ.വിപിൻ കുരിശുതറയുടെ ഐസ് ബ്രേക്കിംങ് സെക്ഷനിലൂടെ കിഡ്സ് ഫെസ്റ്റിന്റെ ആരവം തുടങ്ങി.തുടർന്ന് നടത്തിയ വിവിധ ഗെയിമുകൾ കുട്ടികളെയും മാതാപിതാക്കളെയും സന്തോഷിപ്പിച്ചു.കുട്ടികൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ വേണ്ട




രീതിയിൽ ക്രമപ്പെടുത്തുന്നതിനും വിതരണം ചെയ്യുന്നതിലും വിജയം കൈവരിച്ചു,ഇതിന് രേഷ്മ ടീച്ചർ നേതൃത്വം നല്കി.ഉച്ചഭക്ഷണത്തിന് ശേഷം നടത്തിയ വീഡിയോ പ്രദർശനം കുട്ടികളെ ഏറെ സന്തോഷിപ്പിച്ചു.തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ എം.പി.റ്റി.എ.പ്രസിഡന്റ് ശ്രീമതി ഷൈനിപോൾ, ഫാ.ജോഷി മുരിക്കേലിൽ, ആനി ടീച്ചർ, മിനി കുര്യൻ ടീച്ചർ, മാത്യു സാർ, അജുസാർ എന്നിവർ സംസാരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകി. കുട്ടികൾക്ക് എല്ലാവർക്കും ബലൂൺ നൽകിയത് അവർക്ക് ഏറെ സന്തോഷമായി. കൺവീനർ ഫാ. ആന്റോച്ചൻ മംഗലശ്ശേരി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.കുട്ടികളുടെ വളർച്ചയെ ലക്ഷ്യം വെച്ച് നടത്തിയ കിഡ്സ് ഫെസ്റ്റ് ഏറെ ഉപകാരപ്രദവും ആനന്ദകരവുമായിരുന്നു എന്ന് പങ്കെടുത്ത എല്ലാവരും പറയുകയുണ്ടായി. കുട്ടികൾ കൂട്ടായ്മയിൽ വളർന്ന് അവരുടെ കഴിവുകൾ വളർത്തി നാളയുടെ നല്ല പൗരന്മാരായി തീരട്ടെ

ഫാ.ആന്റോച്ചൻ മംഗലശ്ശേരി - സി.എം.ഐ



## ഓർമ്മകളിൽ


***അമ്മയാം ഗുരുനാഥ***



"അവൻ വളരുകയും ഞാൻ കുറയുകയും വേണം." യേശുവിന് വഴിയൊരുക്കുവാൻ വന്ന സ്നാപക യോഹന്നാന്റെ വാക്കുകൾ, ഓർമ്മയിലേക്കോടിയെത്തുന്നത് പ്രിയങ്കരിയായ ആനി ടീച്ചറിന്റെ മുഖം.തന്റെ ചുറ്റുമുള്ളവർ വളരുകയും താൻ ചെറുതാവുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വ്യക്തി. അധ്യാപന ജീവിതത്തിനടിയിൽ കുട്ടികളുടേയും മാതാപിതാക്കളുടേയും നാട്ടുകാരുടേയും ഹൃദയത്തിൽ ഇടം പിടിച്ച അധ്യാപിക .അധ്യാപനം കേവലം ഒരു തൊഴിൽ മാത്രമല്ല, കുട്ടികൾക്ക് എന്നും സ്നേഹസാന്ത്വനം നല്കുന്ന, അവരുടെ അകക്കണ്ണ് തുറപ്പിക്കുന്ന അമ്മയാകണം ഒരു അധ്യാപിക എന്ന് സ്വന്തം ജീവിതത്തിലൂടെ തെളിയിച്ച വ്യക്തി.ആഢംബരങ്ങളൊന്നുമില്ല,ലാളിത്യത്തിന്റെ പ്രതീകം സ്കൂളിൽ നടക്കുന്ന വലിയ ആഘോഷങ്ങളുടെ മുൻനിരയിൽ ആനി ടീച്ചർ ഉണ്ടാകില്ല.പകരം കർട്ടന് പിറകിൽ ആരവങ്ങളില്ലാതെ അതിന്റെ വിജയത്തിനായി കഠിനാധ്വാനം ചെയ്യുന്ന ടീച്ചറെ നമുക്ക് കാണാം.പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുന്നതോടൊപ്പം, കുട്ടികളെ ദൈവാശ്രയത്വ ബോധമുള്ളവരായി വളർത്താൻ ടീച്ചർ അങ്ങേയറ്റം യത്നിക്കുകയും

ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് മാത്രമല്ല, സഹപ്രവർത്തകർക്കും ഏത് വിഷമഘട്ടങ്ങളിലും ടീച്ചറെ സമീപിക്കാം. ടീച്ചറിന്റെ സ്നേഹ സാമിപ്യവും, ഹൃദയസ്പർശിയായ സാന്ത്വനങ്ങളും ആർക്കും മറക്കാനാകില്ല.ഏറ്റെടുക്കുന്ന ഏത് പ്രവൃത്തിയും കൃത്യമായും, ഏകാഗ്രതയോടും ദീർഘവീക്ഷണത്തോടും കൂടി ചെയ്യാൻ കഴിയുന്ന മഹത് വ്യക്തിത്വത്തിന്റെ ഉടമ .സമർപ്പണ മനോഭാവം ടീച്ചറിന്റെ എടുത്തു പറയേണ്ട സവിശേഷതയാണ് .നീണ്ട കാലത്തെ സ്തുത്യർഹ സേവനത്തിനു ശേഷം ഈ വർഷം ടീച്ചർ സ്കൂളിന്റെ പടിയിറങ്ങുമ്പോൾ നമ്മുക്ക് ആശംസകൾ നേരാം...........അതോടൊപ്പം കണ്ടുപഠിക്കാം........ ജീവിതത്തിൽ പകർത്താം...........മാതൃകയാക്കാം പ്രാർത്ഥിക്കാം ആനി ടീച്ചറെപ്പോലെ ഒരു അദ്ധ്യാപികയായി തീരാൻ....ഒരു വ്യക്തിയായി തീരാൻ..........

റെജി എബ്രാഹം പി -അദ്ധ്യാപിക





## ഒരു വൻ വൃക്ഷത്തിൽ തണൽ..........

ഈ തണൽ തന്റെ കീഴിൽ വരുന്നവർക്കെല്ലാം ആശ്വാസമേകി.

തന്റെ ഇടയിൽ നിന്ന് വരുന്ന പ്രകാശത്തിന്റെ രശ്മികളാൽ അറിവേകി.

ഉഷ്ണത്താൽ വലയുന്നവർക്കെല്ലാം കുളിർ തെന്നലായി.

മനസ്സ തകർന്നവരെ സന്തോഷിപ്പിച്ചു. ഒരു തണലിന് ഇത്രയെല്ലാം മറ്റുള്ളവർക്കു വേണ്ടി ആകാൻ സാധിക്കുമോ? ഈ തണലിനെ ഇത്രത്തോളം ഉയർത്തിയത് ഈ വൻ വൃക്ഷമാണ്. ഈ വൃക്ഷം തെരേസിയൻ കുടുംബം ,ഈ തണൽ ആനി ടിച്ചർ.

വിൻസി മോൾ ടി .കെ

അദ്ധ്യാപിക






# കഥകൾ

## *അടിക്കാത്ത ലോട്ടറി*

കുഴിമടിയനാണ് കുട്ടാപ്പു. ഒരു ദിവസം കുട്ടാപ്പു വീട്ടിലിരിക്കുമ്പോൾ ഒരു മന്ത്രവാദി പോകുന്നതു കണ്ടു.കുട്ടാപ്പു മന്ത്രവാദിയെ വിളിച്ചു ചോദിച്ചു :-

' സ്വാമീ , എനിക്കൊരു ലോട്ടറി അടിക്കണം



സഹായിക്കാമോ'

മന്ത്രവാദി പറഞ്ഞു എന്റെ ഒരു ഭൂതമുണ്ട്.ഒരാഴ്ച്ച തപസ്സു ചെയ്താൽ പ്രത്യക്ഷപ്പെടും. അവനോട് കാര്യം പറ.....

കുട്ടാപ്പു തപസ്സു ചെയ്ത് ഭൂതത്തെ പ്രത്യക്ഷപ്പെടുത്തി. എന്നിട്ട് പറഞ്ഞു :- ലോട്ടറിയടിക്കണം......

"അങ്ങനെയാവട്ടെ "പക്ഷേ ഒരാഴ്ച കഴിഞ്ഞിട്ടും ലോട്ടറിയടിച്ചില്ല

കുട്ടാപ്പു മന്ത്രവാദിയുടെ അടുത്തെത്തി അലറി: -

"തന്റെ ഭൂതം വെറും തട്ടിപ്പാ......... ലോട്ടറി അടിക്കുന്നില്ല " മന്ത്രവാദി ഭൂതത്തെ വിളിച്ചു വരുത്തി തലയ്ക്കിട്ടൊന്നു കൊട്ടുത്തിട്ട് ചോദിച്ചു :-

" എന്താടാ ഇവന് ലോട്ടറി അടിക്കാത്തത് " ഭൂതം പറഞ്ഞു :- ''ആദ്യം ഇങ്ങേര് ലോട്ടറി ടിക്കറ്റെടുക്കണ്ടേ! അതിനു വേണ്ടി പുറത്തു പോകാൻ പോലും മടിയാ ഞാനെന്തു ചെയ്യും? ഹും ......

വർഷ ബിജു 9 ബി



# തെറ്റ തിരുത്തും റോബോട്ട്............

മഹാ ബുദ്ധിമാനായ ശാസ്ത്രജ്ഞനാണ് ഡോൺഡു. ഒരിക്കൽ അദ്ദേഹം ഒരു റോബോട്ടിനെ ഉണ്ടാക്കി തെറ്റ ചെയ്യുന്നവരെ ശിക്ഷിക്കുന്ന റോബോട്ട്! ആരെങ്കിലും തെറ്റ ചെയ്യുന്നത് കണ്ടാൽ ഉടൻ റോബോട്ട് അടിച്ചുവീഴ്ത്തും!

" ഈ കണ്ടുപിടിത്തത്തിന് തനിക്ക് നൊബേൽ പ്രൈസ് ഉറപ്പാണ്!" ഡോ.ഡോൺഡു തീർച്ചയാക്കി.

പക്ഷേ പിറ്റേന്ന് പത്രം നോക്കിയ ഡോൺഡു ഞെട്ടിപോയി. മറ്റൊരു ശാസ്ത്രജ്ഞനും അതേ കണ്ടു പിടിത്തം നടത്തിയിരിക്കുന്നു! ഡോൺഡുവിന് ഇരിക്ക പൊറിതിയില്ലാതായി.എന്തായാലും ആ ശാസ്ത്രജ്ഞന് നൊബേൽ കിട്ടരുത്! അതിനെന്തു ചെയ്യും? ഡോൺഡു ആലോചിച്ചു: 'ഒരു ലെറ്റർ ബോംബുണ്ടാക്കി അയക്കാം! ലെറ്റർ തുറക്കുന്നതോടെ ശാസ്ത്രജ്ഞന്റെ കഥകഴിയും. അങ്ങനെ ഡോൺഡു ലെറ്റർ ബോംബ് ഉണ്ടാക്കി തുടങ്ങി.പെട്ടെന്ന് ശക്തമായ ഒരടിയേറ്റ് ഡോൺഡു വീണു. അതാ, തൊട്ടുപിന്നിൽ റോബോട്ട്. റോബോട്ടിന്റെ ശരീരത്തിലെ മോണിറ്ററിൽ ഈ വാക്കുകൾ തെളിഞ്ഞു: "നിങ്ങൾ തെറ്റ ചെയ്തിരിക്കുന്നു. ഡോൺഡു കുറ്റബോധത്തോടെ കരഞ്ഞു.

ജോസ്മി ജോസഫ് 9 ബി



# കീറിയ കുപ്പായം.........

സിത്താർ എന്ന സംഗീതോപകരണം വായിക്കുന്നതിൽ മിടുക്കനായിരുന്നു ഉസ്താദ് ഖാൻ ബഹാദൂർ. ഒരിക്കൽ ഉസ്താദിന്റെടുത്ത് സിത്താർ വായന പഠിക്കുന്നതിനായി പണക്കാരനായ ഒരു യുവാവ് ചെന്നു. ഖാൻ ബഹദൂർ തന്റെ കുപ്പായം അഴിച്ചുകൊടുത്തിട്ട് പറഞ്ഞു: ''സൂചിയും നൂലും എടുക്കു.എന്നിട്ട് ഈ കുപ്പായത്തിന്റെ കീറിയ ഭാഗം മുഴുവൻ തയ്ക്കു ".യുവാവിന് കോപം വന്നു.സംഗീതജ്ഞനാവാൻ വന്ന തന്നോട് കീറിയ കുപ്പായം തുന്നാൻ പറഞ്ഞിരിക്കുന്നു!

" എനിക്ക് തയ്ക്കാൻ വയ്യ ഞാനിത് ഏതെങ്കിലും തയ്യക്കാരനു കൊടുക്കാം." യുവാവ് പറഞ്ഞു.ഉസ്താദ് പുഞ്ചിരിയോടെ പറഞ്ഞു: ''കീറിയ കുപ്പായം തുന്നിചേർക്കുന്നതിനേക്കാൾ വിഷമമാണ് സിത്താറിന്റെ തന്ത്രികൾ മീട്ടി മനോഹരമായ സംഗീതമുണ്ടാക്കുന്നത്.ഇത് ചെയ്യാൻ ക്ഷമയില്ലാത്ത നിനക്കൊരിക്കലും സാധ്യമല്ല. പൊയ്ക്കോളൂ......" ഉസ്താദിന്റെ വാക്കു കേട്ട യുവാവ് തല താഴ്ത്തി മടങ്ങി

ജോസ്മി ജോസഫ് 9 ബി



# എടുത്തു ചാട്ടം നന്നല്ല.....

ഒരു കാട്ടിൽ രണ്ട് ആനക്കുട്ടികൾ ഉണ്ടായിരുന്നു. ഉണ്ണികുട്ടനും ഉണ്ണിക്കണ്ണനും .ഒരിക്കൽ അവർ താമരക്കുളം കണ്ടു."നമ്മുക്ക് മത്സരിച്ച് താമരപ്പൂക്കൾ പറിക്കാം. കൂടുതൽ പൂക്കൾ പറിക്കുന്നയാൾ മിടുമിടുക്കൻ!" ഉണ്ണിക്കുട്ടൻ പറഞ്ഞു. ഇതു കേട്ട് ഉണ്ണി കണ്ണൻ ഒന്നും മിണ്ടാതെ കാട്ടിലേക്ക് നടന്നു.ഉണ്ണിക്കുട്ടൻ വേഗം കുളത്തിലേക്ക് ചാടിയിറങ്ങി.ഉണ്ണിക്കണ്ണൻ എത്തും മുമ്പേ പൂക്കൾ മുഴുവൻ പറിച്ചെടുക്കണം'.ഉണ്ണിക്കുട്ടൻ വിചാരിച്ചു. താമര വളരുന്നത് ചെളികുണ്ടിലാണെന്ന് ഉണ്ണിക്കുട്ടനറിയില്ലായിരുന്നു. ഉണ്ണിക്കുട്ടന്റെ കാലുകൾ ചെളിയിൽ പൂണ്ടു പോയി. "ഹമ്മേ ഞാനിപ്പം ചാകുമേ! " ഉണ്ണിക്കുട്ടൻ നിലവിളിയായി.കരച്ചിൽ കേട്ട് ഉണ്ണിക്കണ്ണൻ ഓടിയെത്തി. അവൻ തുമ്പിക്കൈനീട്ടി ചങ്ങാതിയെ രക്ഷിച്ചു.പിന്നെ ഒരു ഈറ്റക്കമ്പ് കൊണ്ടുവന്ന് മുഴുവൻ താമരപ്പൂക്കളും പറിച്ചെടുത്തു, പാതി സ്വന്തം ചങ്ങാതിയായ ഉണ്ണിക്കുട്ടനും കൊടുത്തു.""നീയാണ് മിടുമിടുക്കൻ! എടുത്തു ചാട്ടം കാരണം ഞാൻ തോറ്റു!" -ഉണ്ണിക്കുട്ടൻ തോൽവി സമ്മതിച്ചു.

കൃഷ്ണപ്രിയ. റ്റി .ഒ. 9 ബി



## അപ്പുവിന്റെ വിമാനം......

അപ്പു ആകാശത്തു നോക്കി നിൽക്കുകയായിരുന്നു. അവൻ അവിടെ കുറെ പറവകളെ കണ്ടു.അതുപോലെ തനിക്കും പറക്കണം എന്ന് അവൻ ആഗ്രഹിച്ചിരുന്നു.അപ്പോഴാണ് അമ്മയുടെ വിളി അവൻ കേട്ടത്. അവൻ വീട്ടിലേക്ക്ഓടി. ചായ കുടിക്കുവാനായിരുന്നു അമ്മ വിളിച്ചത്.എപ്പോഴും ആകാശത്തുകൂടി പോവുന്ന വിമാനത്തിൽ നോക്കിയിരിക്കുവാനാണ് അവനിഷ്ടം ഒരു തവണയെങ്കിലും വിമാനത്തിൽ കയറണമെന്നായിരുന്നു അവന്റെ ആഗ്രഹം. അവന്റെ ഇഷ്ട വാഹനം വിമാനമാണ്. അവൻ നന്നായിപഠിക്കുമായിരുന്നു .പഠിച്ചുപഠിച്ച് 10-ാം ക്ലാസ്സിലെത്തി.പത്ത് എ-പ്ലസ്സോട്ടുകൂടിയവൻ വിജയം കരസ്ഥമാക്കി..ഒടുവിൽ എയർ ഫോഴ്സ് ടെസ്റ്റ് എഴുതി അതിനും അവൻ വിജയംകരസ്ഥമാക്കി അങ്ങനെ അവൻ പൈലറ്റായി. ഒരിക്കലെങ്കിലും വിമാനത്തിൽ കയറണമെന്നാഗ്രഹിച്ച അവൻ നിത്യവും വിമാനത്തിലാണ്.

അഭിരാമി .വി 7 എ



## തവളയുടെ പടച്ചട്ട .

ഒരിക്കൽ ഒരു തവള വിചാരിച്ചു :ശത്രുക്കൾ തന്നെ ആക്രമിക്കാതിരിക്കാൻ ഒരു മാർഗം വേണം.തവള രാജാവിനെ ചെന്നു കണ്ട് കാര്യം പറഞ്ഞു: " പ്രഭോ! എനിക്കൊരു പടച്ചട്ട ഉണ്ടാക്കിത്തരണം."നീതിമാനായ രാജാവ് തവളയ്ക്ക് ഒരു പടച്ചട്ട ഉണ്ടാക്കി കൊടുത്തു.തവള ഗമയോടെ പടച്ചട്ടയുമണിഞ്ഞ് കുളക്കരയിലെത്തി. കൂട്ടുക്കാർ അദ്ഭുതത്തോടെ നോക്കി നിന്നു. തവള വെള്ളത്തിലേക്കൊരു ചാട്ടം. "ഹയ്യോ.......!"വെള്ളത്തിൽ മുങ്ങിയ തവളയ്ക്ക് പിന്നെ പൊങ്ങാൻ കഴിഞ്ഞില്ല. പടച്ചട്ടയുടെ ഭാരം തന്നെ കാരണം! ഒടുവിൽ കൂട്ടുകാരെല്ലാം കൂടി താങ്ങിപ്പിടിച്ചാണ് തവളയെ മുകളിൽ എത്തിച്ചത്.സ്വന്തം ജീവിതരീതിക്കു യോജിക്കാത്ത കാര്യങ്ങൾ ഒരിക്കലും സ്വീകരിക്കരുത് എന്നത് അതോടെ തവളയ്ക്ക് ബോധ്യമായി.

ജോസ്മി ജോസഫ് 9 ബി

# ക്ഷമയുടെ രഹസ്യം.

ഒരിക്കൽ ഹോജ ഒരു യോഗത്തിൽ സത്യസന്ധതയെപ്പറ്റി പ്രസംഗിക്കുകയായിരുന്നു. അറു ബോറായിരുന്നു പ്രസംഗം.ഓരോരുത്തരായി എഴുന്നേറ്റു പോകാൻ തുടങ്ങി.ഒടുവിൽ സദസ്സിൽ മൂന്നു പേർ മാത്രമായി ഹോജ ആവേശത്തോടെ പറഞ്ഞു: "നിങ്ങളാണ് ശരിക്കും സത്യസന്ധർ.!" അപ്പോൾ അവരിൽ ഒരാൾ എഴുന്നേറ്റു പറഞ്ഞു: "ഹോജാ ,നിങ്ങളുടെപ്രസംഗം കഴിഞ്ഞ് അടുത്ത പ്രസംഗം നടത്തേണ്ട ആളാണ് ഞാൻ. പക്ഷേ ഇനി ഞാൻ പ്രസംഗിച്ചിട്ട് ആരു കേൾക്കാനാണ്? ഞാൻ പോകുന്നു!"അതും പറഞ്ഞ് അയാൾ പോയി. "അതൊന്നും സാരമില്ല ഹോജാ.ഞങ്ങൾ എന്തായാലും നിങ്ങളുടെ പ്രസംഗം കഴിഞ്ഞേ പോകൂ. നിങ്ങൾ തുടർന്നോളൂ"....... ബാക്കി രണ്ടു പേരും ഒരേ സ്വരത്തിൽ പറഞ്ഞു. ഹോജാ സന്തോഷത്തോടെ പറഞ്ഞു. " ഹോ, ഇത്ര സത്യസന്ധരെ ഞാൻ കണ്ടിട്ടേയില്ല!" ഇതു കേട്ട് അവർ പറഞ്ഞു "അതല്ല നിങ്ങൾ പ്രസംഗിക്കുന്ന ഈ പന്തൽ ഞങ്ങളിട്ടതാണ്.പ്രസംഗം കഴിഞ്ഞ് ഇത് പൊളിച്ച് സാധനങ്ങളുമായി വേണം ഞങ്ങൾക്ക് മടങ്ങാൻ..........!"

ജോസ്മി ജോസഫ് 9 ബി



# ഒറ്റയ്ക്ക്

നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്ക് നോക്കി ആ അമ്മ നിന്നു. അടുത്ത മുറികളിൽ നിന്നും ഉയരുന്ന പ്രാർത്ഥനാ ഗീതങ്ങൾ മെല്ലെ ഒഴുകുന്ന കാറ്റിൽ  മാത്രയാകുന്നു.......ക്രൂടെവിങ്ങിപ്പൊട്ടുന്ന മാതൃഹൃദയത്തിന്റെ നൊമ്പരങ്ങളും.ഈ വൃദ്ധസദനത്തിൽ, ഇങ്ങുദൂരെ, ഈ മുറിയിൽ ആ അമ്മ മാത്രം.അവൻ, അമ്മയുടെ ഒറ്റ മോൻ, അവരേയും കൂട്ടി, അവന്റെ കുടുംബത്തേയും കൂട്ടി, നാളെ ദുബായ്ക്കു പറക്കും .അവർ പോയി കഴിയുമ്പോൾ താൻ ഒറ്റയ്ക്ക് ആ വലിയ വീട്ടിൽ ...... അതല്ലേ അവൻ തന്നെ ഇവിടെ ആക്കിയത് ,ഇപ്പോൾ ഇവിടെ, ചെറിയ മുറിയിൽ താൻ ഒറ്റയ്ക്ക്......!'എന്റെ കുട്ടി ചെയ്യുന്നതാണ ശരി. അവൻ എന്റെ മോൻ അല്ലേ... രണ്ടാം വയസ്സിൽ അവന്റെ അച്ഛൻ മരിക്കുമ്പോൾ ഈ നെഞ്ചോടു ചേർത്തു വളർത്തിയ എന്റെ മോനാണ് ശരി. അല്ലെങ്കിലും ഈ അമ്മ ഒറ്റയ്ക്ക് അവിടെ എന്തു ചെയ്യാൻ?!മനസ്സിന്റെ സഞ്ചാര വേഗതയെ പിടിച്ചു നിർത്താൻ അവർക്കു കഴിഞ്ഞില്ല ഇപ്പോൾ അവർ എന്തു ചെയ്യുകയായിരിക്കും? അവൻ ടി.വിയുടെ മുന്നിലാവും. അവൾ മൊബൈലിലും.നിലവിളക്ക് കത്തിച്ചോ??അടുക്കളയുടെ കതകടച്ചു കാണുമോ? പിള്ളേർക്ക് ഭക്ഷണം കൊടുത്തു കാണുമോ? അവർക്ക് കട്ടിൽ കുടഞ്ഞു വിരിച്ചു കൊടുത്തു കാണുമോ? കുട്ടികൾ തറയിൽ കിടന്നുറങ്ങുമോ?അമ്മ ആ മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ആ ചിന്തഅവരെ ഭ്രാന്തമായ ഒരവസ്ഥയിലാക്കി.ഹൃദയത്തിൽ ഒരു നീറ്റൽ. പോയ കാലം തിരിച്ചു വരില്ല, എന്ന സത്യം................!കുഞ്ഞിക്കിളികൾക്ക് അമ്മക്കിളിയെ വിട്ടു പോകാം. പക്ഷേ, അമ്മക്കിളിക്കു കുഞ്ഞിക്കിളിയെ വിട്ടു പോകാൻ പറ്റുമോ? ഈ അമ്മയുടെ മനസ്സ് നിന്നോടൊപ്പം എന്നും ഉണ്ടായിരിക്കും. കൂടെ ഒരു നിഴലായി. വിങ്ങുന്ന മനസ്സുമായി ജനൽ കമ്പിയിൽ പിടിച്ച് ആ അമ്മ നിന്നു. അപ്പോഴും മാനത്തിന്റെ മുറ്റത്ത് നക്ഷത്രക്കുഞ്ഞുങ്ങളുമായി അമ്പിളിയുടെ സല്ലാപം തുടർന്നു കൊണ്ടേയിരുന്നു.തുറന്നിട്ട ജാലകത്തിലൂടെ കടന്നു വന്ന നിലാവ് പിറുപിറുത്തു: 'ഗർഭപാത്രത്തിൽനിന്നും ചിതയിലേക്കുള്ള ദൂരം മാത്രമല്ലേ ജീവിതം......!'അപ്പോഴും ഓരോ ചുവരുകൾക്കിടയിലും ഓരോ ജീവിതങ്ങൾ ഒറ്റയ്ക്ക് നീറി പുകയുന്നുണ്ടായിരുന്നു.



അൻജിത.ബി 9 ബി

- ***ബൈബിളിലെ " കാണാതായ ആട് " എന്ന ഉപമയെ ആസ്പദമാക്കി എഴുതിയ കഥ.***

## ***പാപിയുടെ അനുതാപം .***

ഇരുട്ടിന്റെ വിരലുകൾ പകലിന്റെ മുഖത്ത് തലോടി. പ്രകൃതി മങ്ങി.സന്ധ്യ എത്തി.സന്ധ്യയെ വരവേൽക്കാനായി വീടുകളിൽ വിളക്കുകൾ തെളിഞ്ഞു. പ്രസിദ്ധമായ മാഞ്ഞൂറ തറവാട്.വീടിന് പരിസരത്ത് അവിടിവിടെയായി രണ്ടും മൂന്നും ആളുകൾ ചേർന്ന് നിന്ന് ഗൗരവമായി എന്തോപറയുന്നുണ്ട്. എന്നാൽ വീടിന്റെ വലിയ സിറ്റൗട്ടിൽ കൂടി മാമച്ചൻ മുതലാളി മൊബൈലും പിടിച്ച് വളരെ ദുഖത്തോടും അതിലുപരി പരിഭ്രമത്തോടും കൂടി അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയാണ്.മാഞ്ഞൂറ തറവാട്ടിലെ 5 സഹോദരങ്ങൾക്കും കൂടി ആകെയുണ്ടായിരുന്ന ഒരേ ഒരു ആൺതരി ,അതു കൊണ്ടു തന്നെ എല്ലാവരുംഅവനെ ഒരുപാടു സ്നേഹിച്ചു ലാളിച്ചു;ഫലമോ, ഇന്നത്തെ ഈ അവസ്ഥയിലേക്ക് അവനെ കൊണ്ടെത്തിച്ചു.മാമ്മച്ചൻ മുതലാളിയുടെ ചിന്തകൾ ഒരു നിമിഷം പിറകിലേക്കു പോയി.എന്നാണ് തന്റെ മകന്റെ താളം പിഴച്ചത്.പത്താം ക്ലാസ് പരീക്ഷക്കു തയ്യാറെടുക്കുമ്പോഴോ? സ്കൂളിൽ എല്ലാത്തിനും ഒന്നാമതെത്തിയവൻ അധ്യാപകരുടേയും സഹപാഠികളുടേയും കണ്ണിലുണ്ണി: ഇന്ന് തന്നെപ്പോലെ തന്നെ അവന്റെ അവസ്ഥയിൽ എല്ലാവരും സങ്കടപ്പെടുന്നു.

മദ്യത്തിനും മയക്കുമരുന്നിനും അടിമയായ തന്റെ മകൻ താൻ വഴക്കു പറഞ്ഞ് ഉണദോഷിച്ചതിന്റെ പേരിൽ വീടു വിട്ടിറങ്ങിയതാണ് .ഒരാഴ്ചയായി കാണാതായിട്ട്.കാൺമാനില്ല എന്ന് എല്ലായിടത്തും പരസ്യം കൊടുത്തു. അവന്റെ കൈവശമുള്ള മൊബൈൽ ശബ്ദിക്കുന്നതുപോലുമില്ല. ഇനി എന്താണ് താൻ ചെയ്യേണ്ടത്. ദൈവമേ!: മാമ്മച്ചൻ മുതലാളിയുടെ മനസ്സു തേങ്ങി. ഭാര്യ ക്ലാരമ്മ കട്ടിലിൽ നിന്നെഴുന്നേറ്റിട്ടു ദിവസങ്ങളായി. അയാൾ തന്റെ പ്രാർത്ഥനാമുറിയിലേക്ക് കയറി. ക്രൂശിത രൂപത്തിലേക്ക്



കണ്ണി രോടെ നോക്കി. ബൈബിൾ കൈയിലെടുത്തത് വായിച്ചു. ലൂക്കായുടെ സുവിശേഷം 15-ാം അധ്യായമാണ് മാമ്മച്ചന് കിട്ടിയത്." കാണാതായ ആടിന്റെ ഉപമ ".

ഈ ഉപമയിലെ അവസാനത്തെ വാചകം മാമ്മച്ചൻ പല പ്രാവശ്യം ഉരുവിട്ടുന്നുണ്ടായിരുന്നു." അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെ കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു.(ലൂക്കാ .15:7) അവിടുന്ന് വന്നിരിക്കുന്നത് പാപികളെ വിളിക്കുവാനാണല്ലോ. കർത്താവേ എന്റെ മകനും പാപിയാണ്. അവന്റെ മേൽ കനിയണമേ എന്ന് മാമ്മച്ചൻ സ്വയം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഒത്തിരി നേരം ആ മനുഷ്യൻ അങ്ങനെയിരിന്നു പോയി.പെട്ടെന്ന് മൊബൈൽ ഫോൺ ശബ്ദിച്ചപ്പോഴാണ് അദ്ദേഹം അവിടെ നിന്നും എണീറ്റത്. ഹലോ ! സംസാരിച്ചപ്പോൾ മാമ്മച്ചന് കേൾക്കാൻ കഴിഞ്ഞത് ഒരിക്കലും വിശ്വസിക്കാനാവാത്ത വാർത്ത.തന്നെ തന്റെ മകൻ അന്യനാട്ടിൽ ഏതോ ഒരു കുഗ്രാമത്തിൽ അശരണനായി കിടക്കുന്നുവെന്നും ,തന്റെ തെറ്റുകളെല്ലാം മനസിലാക്കി വീട്ടിലേക്ക് തിരിച്ച് വരാൻ വെമ്പുകയാണെന്നും കേട്ടപ്പോൾ മാമച്ചൻ സ്വയം ,കർത്താവെ ! എന്ന് ഉച്ചത്തിൽ വിളിച്ചു. ആ കണ്ണിൽ കൂടി കണ്ണീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. പാപത്തിൽ നാം ഇടറുമ്പോഴും ആരും നശിച്ചുപോകാൻ അവിടുന്ന് ആഗ്രഹിക്കാത്തതു കൊണ്ടു മാത്രമാണ് ഇത് സംഭവിച്ചതെന്ന് മാമച്ചൻ മനസിലാക്കി. നമുക്കും നമ്മുടെ പാപങ്ങളെല്ലാം മനസ്സിലാക്കി ദൈവത്തിലേക്ക് തിരിച്ച് വരാം.



ജിനു ജോർജ് എട്ട് .ബി.



## ലേഖനങ്ങൾ

### *വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം*

നൈസർഗ്ഗിക വാസനകൾക്കും സർഗ്ഗ ശക്തിക്കും ഊന്നൽ കൊടുത്തു കൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം, അർത്ഥവത്തായ ജീവിത വിജയം കൈവരിക്കുമെന്നതിൽ സംശയമില്ല. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചുള്ള ശരിയായ ബോധത്തിൽ നിന്ന് അറിവിന്റെ ആരംഭം കുറിക്കുകയും അതിലൂടെ ജ്ഞാനസമ്പാദനം ഉൾക്കൊള്ളുവാനുമുള്ള പ്രാപ്തി നേടാനും കഴിയണം .വിദ്യാഭ്യാസം ഒരു വ്യക്തിയിലുള്ള നന്മയെ പരിപോക്ഷിപിക്കുകയും തിന്മയെ ഉന്മൂലനാശം വരുത്തുകയും ചെയ്യും.അടിസ്ഥാനപരമായ നല്ലതും ചീത്തയും വേർതിരിച്ചറിയുവാനും അതിലൂടെ നന്മയെ സ്വീകരിക്കുവാനും തിന്മെയ തിരസ്കരിക്കുവാനും ശരിയായ വിദ്യാഭ്യാസത്തിന് സാധിക്കും.വ്യക്തിയുടെ സർവ്വോന്മുഖമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.ഏതുതരം സങ്കീർണ്ണ ഘട്ടത്തിലായാലും സ്വന്തം ധാർമ്മിക ബോധം ഉപേക്ഷിക്കാതെ സത്യസന്ധമായി മന:സാന്നിദ്ധ്യത്തോടു കൂടി ജീവിതം നയിക്കുവാനുള്ള മാനസിക വളർച്ചയും ലഭിക്കുന്നു.

ബ്ലെസ്സി മരിയ 9 ബി



## കേരളം പ്രളയത്തിനു മുൻപും പിൻപും............

മലയാളക്കരയെ ഒന്നാകെ സ്തംഭിപ്പിച്ച കൊടിയ ദുരന്തമായിരുന്നു പ്രളയം. എല്ലാം കഴിഞ്ഞെന്ന് ഉറപ്പിച്ച മലയാള മണ്ണിന്റെ സ്വന്തം മക്കൾ പ്രളയത്തെ അതിജീവിച്ചു മുന്നേറി. ധാരാളം അമൂല്യമായ ജീവനുകളെ തകർത്തെറിഞ്ഞ ഈ കൊടിയ ദുരന്തം ഒരുപാട് മനുഷ്യ മനസ്സുകളുടെ അനേകായിരം സ്വപ്നങ്ങളെ കൂടിയാണ് നശിപ്പിച്ചത്. കേവലം മനുഷ്യമനസ്സിന് ഇതൊരു തേങ്ങലായി വെമ്പലായി ഇപ്പോഴും നിലനിൽക്കുന്നു.

പ്രളയക്കെടുതിയെ അതിജീവിച്ച മലയാളക്കരക്ക് ഒരുപാട് നല്ല മുഖങ്ങളെ കൂടി ദൈവം കാട്ടിത്തന്നു. ആ മുഖങ്ങൾ സാധാരണ മത്സ്യത്തൊഴിലാളികളുടേതായിരുന്നു.പൊലിയും എന്ന് വിചാരിച്ച ആയിരകണക്കിന് ജീവനുകളെ രക്ഷിച്ചത് ഇവരുടെ കരങ്ങളായിരുന്നു.ഇപ്പോൾ ഫ്രീക്കൻമാരെന്ന് പേരിട്ടു വിളിക്കുന്ന കൂട്ടുകാരും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി മാറുന്ന കാഴ്ച നമ്മൾക്ക് കാണാൻ സാധിച്ചു.പ്രളയ കെടുതിക്ക് മുൻപ് മരങ്ങൾ വെട്ടിയും മലകളും, കുന്നുകളും നികത്തിയും പുഴകളും മറ്റ് ജലസ്രോതസുകളും മണ്ണിട്ടു മൂടിയും മാനവകുലം പ്രകൃതിയെ നശിപ്പിച്ചു. പക്ഷേ അധികനാൾ അത് നീണ്ടു നിന്നില്ല. പ്രകൃതിയും തിരിച്ച് പ്രതികരിക്കാൻ തുടങ്ങി. അത് പ്രളയമായി കേരളത്തെ വിഴുങ്ങി. പ്രളയ ഫലമായി നാം ധാരാളം അനുഭവിച്ചു. പ്രളയത്തിന് മുൻപ് ജാതി- മതം - വർഗ്ഗം എന്നിവയ്ക്ക് വലിയ വില കൽപ്പിച്ച കേരള സമൂഹം പ്രളയത്തിനു ശേഷം ഒരൊറ്റ ജാതി ഒരൊറ്റ മതം ഒരൊറ്റ വർഗം എന്നിങ്ങനെയായി തീർന്നു.സ്വന്തം കുടുംബം പോലെ കണ്ടു നിന്നു മത്സ്യത്തൊഴിലാളികളെയും മറ്റും മനുഷ്യമനസ്സുകളെയും കേരളത്തിലെയാരും മറക്കുന്ന ചരിത്രം ഉണ്ടാവുകയില്ല. പ്രധാനമായും മത്സ്യത്തൊഴിലാളി സംഘത്തിന് കേരള ചരിത്രത്തിൽ ഒരു പുതിയ സൃഷ്ടിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. എല്ലാ കേരളത്തിലെ മനുഷ്യമനസ്സുകൾക്കും മത്സ്യത്തൊഴിലാളികളുടേയും മറ്റ് രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവരുടേയും ആ മുഖങ്ങൾ മറക്കുവാൻ സാധിക്കുക



അസാധ്യമാണ്. രക്തബന്ധങ്ങൾക്കപ്പുറം മനുഷ്യബന്ധങ്ങളുടെ സ്നേഹത്തിന്റെ ആഴം തിരിച്ചറിയാൻ മത്സ്യത്തൊഴിലാളികൾ നമ്മെ പഠിപ്പിച്ചു. ജീവിത സാഹചര്യങ്ങളിൽ മനുഷ്യന്റെ കാഴ്ചപ്പാടുകൾ എങ്ങനെയെന്ന് മനസിലാക്കാൻ ഈ കൊടിയ പ്രളയത്തിലൂടെ സാധിച്ചു. സങ്കീർണപ്രശ്നങ്ങളെപ്പോഴും ചിരിച്ചു കൊണ്ട് നേരിടുന്ന മുഖങ്ങളെയും കാണാൻ സാധിച്ചു. പ്രളയക്കെടുതിയിൽ തുറന്ന ഓരോ ദുരിതാശ്വാസ ക്യാമ്പുകളിലും ജാതി മത വർഗ്ഗ വ്യത്യാസമില്ലാതെയല്ലാതെ ഒരുമിച്ച് ഉണ്ടും ഉറങ്ങിയും കഴിഞ്ഞ ആ നാളുകൾ മാവേലി മന്നന്റെ കാലത്തെ ഓർമ്മപ്പെടുത്തി. ആ സമയത്ത് കുടുംബത്തോടും ജന്മനാടിനോടും അവജ്ഞ പ്രകടിപ്പിക്കുന്ന ആരെയും കാണാൻ സാധിച്ചില്ലെന്നു പറയാം. മറ്റുള്ളവരെ രക്ഷിക്കുന്നതിനായി സ്വന്തം ശരീരം തന്നെ ഒരു ചവിട്ടുപടിയായി മാറ്റിയ ജൈസൻ എന്ന ചെറുപ്പക്കാരൻ ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണ്. കൂടാതെ രക്ഷാപ്രവർത്തനത്തിനിടയിൽ ജീവൻ പൊലിഞ്ഞ നല്ല മനസ്സുകളുക്ക് ഞങ്ങൾ പ്രണാമം അർപ്പിക്കുന്നു. നന്മ നിറഞ്ഞ മത്സ്യത്തൊഴിലാളികൾക്ക് "ഒരു ബിഗ് സല്യൂട്ട് "!

സാധിക രമേഷ് 10 സി





## നിങ്ങൾക്ക് അറിയാമോ?

1. ലോകത്തിലെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ ജർമനിയിൽ!

ലോകത്താദ്യമായി ഹൈഡ്രജൻ ശക്തിയിൽ ട്രെയിൻ കുതിച്ചു. ജർമനിയിലാണ് ഈ വിപ്ലവം അരങ്ങേറിയത് .i Linf എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ ട്രെയിനുകൾ മലിനീകരണ മുക്തമാണ് എന്നതാണ് ഏറ്റവും വലിയ കാര്യം

2.ഒറ്റ ക്രോമസോമുള്ള യീസ്റ്റ് നിർമിച്ചു

ചൈനയിൽ നിന്നാണ് വാർത്ത.ഒരു സംഘം ഗവേഷകർ ലോകത്താദ്യമായി ഒറ്റ ക്രോമസോമുള്ള യീസറ്റ് നിർമിച്ചെടുക്കുന്നതിൽ വിജയിച്ചത്രെ! യീസ്റ്റിന്റെ സ്വാഭാവിക ഘടനയ്ക്കോ ഗുണങ്ങൾക്കൊ കാര്യമായ മാറ്റങ്ങളൊന്നുമില്ലാതെയാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. സാധാരണ യീസ്റ്റിൽ 16 ക്രോമസോമുകളാണ് ഉണ്ടാകുക. ഇപ്പോൾ ചൈനക്കാർ ഇതിന്റെ ജനിതക ഘടകങ്ങളെല്ലാം തന്നെ ഒരൊറ്റ ക്രോമസോമിൽ ഉൾക്കൊള്ളിച്ച് നിർമ്മിച്ചെടുത്തിരിക്കുകയാണ്.

3. ഇന്ത്യയിലെ നീളം കൂടിയ പാലം!

രാജ്യത്തെ നദിക്കു കുറുകെയുള്ള ഏറ്റവും നീളം കൂടിയ പാലം അസമിൽ ബ്രഹ്മപുത്ര നദിക്കു കുറുകെ നിർമ്മിക്കുന്നു.2026-ൽ പൂർത്തിയാകും. അസമില ധുബ്രിയും മേഘാലയയിലെ ഫുൽബരത്തിയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണിത്. ഈ പുതിയ പാലം പൂർത്തികരിക്കുമ്പോൾ ഈ സ്ഥലങ്ങൾ തമ്മിലുള്ള ദൂരത്തിൽ 203 കിലോമീറ്ററോളം ലാഭം കിട്ടുമത്രേ!ആകെ 19.3 കിലോമീറ്റർ നീളമുള്ള ആ പാലം നാലുവരിപാതയോടു കൂടിയതാണ്. ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള യാത്ര വെറും 20 മിനിറ്റിൽ താഴെ സാധ്യമാവുമെന്നതാണ് പാലത്തിന്റെ പ്രാധാ



4. മനുഷ്യ ശരീരത്തിൽ പുതിയ അവയവം ,ഇന്റർസ്റ്റിറ്റിയം

മനുഷ്യ ശരീരത്തിൽ ഒരു പുതിയ അവയവം ശസ്ത്രജ്ഞന്മാർ തിരിച്ചറിഞ്ഞിരിക്കുന്നു. ഇൻറർ സ്റ്റിറ്റിയം എന്നാണ് ഇതിന്റെ പേര്.ഒരു സംഘം അമേരിക്കൻ ശാസ്ത്ര ഗവേഷകന്മാരാണ് ഈ കണ്ടെത്തൽ നടത്തിയത്. മനുഷ്യ ശരീരത്തിലെ എൺപതാമത്തെ അവയവമാണിതത്രേ! ഏറ്റവും വലിയ അവയവവും ഇതു തന്നെ. ത്വക്കിനിടയിൽ ശ്വാസകോശത്തേയും രക്തക്കുഴലുകളേയും മസിലുകളേയും ഒക്കെ ചുറ്റി ശരീരം മുഴുവൻ വല പോലെ വ്യാപിച്ചുകിടക്കുന്ന ഈ അവയവം ബലവത്തായതും ഇലാസ്റ്റിക് സ്വഭാവമുള്ളതുമായ പ്രോട്ടീനുകൾ കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്.


5.മുതലയുടെ തീറ്റ ഇരുമ്പുകമ്പിയോ?

പെരുമ്പാമ്പിനെ പോലും അകത്താക്കുന്ന മുതല തന്റെ പല്ലുകൊണ്ട് ഒന്നും തന്നെ ചവയ്ക്കാറില്ല.ഇരുമ്പു കമ്പി പോലും മുതലയുടെ വയറിനുള്ളിൽ ദഹിക്കുമത്രേ! മുതലയുടെ ഡൈജസ്റ്റീവ് ജ്യൂസ് അത്രക്ക് കരുത്തുറ്റതാണെന്നാണ് ശാസ്ത്രത്തിന്റെ പ്രവചനം.

6.ജിറാഫിന്റെ നാക്ക് ......''

ജിറാഫ് തന്റെ ചെവി വൃത്തിയാക്കുന്നത് നാവു കൊണ്ടാണത്രേ! അതിന്റെ നാവിന് ശരാശരി 9.50 മീറ്റർ നീളമുണ്ടെന്നാണ് കണക്ക്.'

അനസ് .നാസർ 10 എ





## ദൂരെ ദൂരെയൊരു വിചിത്ര സഞ്ചാരി.........

കഴിഞ്ഞ വർഷം ഒക്ടോബറിൽ ഒരു കൂട്ടം ശാസ്ത്രജ്ഞർ വിചിത്രമായൊരു കല്ല കണ്ടെത്തി. വെറും കല്ലല്ല. ബഹിരാകാശത്തു പറന്നു നടക്കുന്ന കല്ല്.നാസയിലെയും യൂറോപ്യൻ സ്പേസ് ഏജൻസിയിലെയും ശാസ്ത്രജ്ഞരാണ് കല്ല് കണ്ടെത്തിയത്.ശക്തിയേറിയ ഒരു ടെലിസ്കോപ്പിലൂടെ നോക്കിയപ്പോഴാണ്കല്ല് കണ്ടത് .400 മീറ്റർ നീളവും40 മീറ്റർ വീതിയുമുള്ള ഈ കൂറ്റൻ പാറ വെറുമൊരുകല്ലല്ലെന്നും ഏതോ അന്യഗ്രഹ പേടകത്തിന്റെ ഭാഗമാണെന്നും ചില ശാസ്ത്രജ്ഞർ കരുതുന്നു. പ്രപഞ്ചത്തിന്റെ ഏതോ കോണിൽ നിന്ന് പുറപ്പെട്ടപേടകം തകർന്ന് ഒരു ഭാഗം നമ്മുടെ സൗരയുദ്ധത്തിൽ കടന്നതാണത്രേ. ഇതിന്റെ തെളിവുകൾ കിട്ടിയതായി ചില ഗവേഷകർ പറയുന്നു.എന്നാൽ ഇതൊക്കെ വെറും കെട്ടുകഥകളാണെന്ന് പറയുന്നു.എന്തായാലുംവിചിത്രമായ ഈ കല്ലിനെക്കുറിച്ചുള്ള അന്വേഷണംതുടരുകയാണ്

വർഷാ ബിജു 9 ബി



# കരസ്പർശം




അക്ഷര ജയൻ 8 എ




# നന്ദി

വിദ്യ ദാനം ചെയ്ത പ്രിയ ഗുരുവിനും



സേവനം നല്കിയ കരങ്ങൾക്കും





സർവ്വശക്തനായ ദൈവത്തിനും എല്ലാ സുമനസ്സുകൾക്കും

നന്ദിയോടെ സ്നേഹത്തോടെ

